# സാഹിത്യവാരഫലം

1998/04/03 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1998/04/03-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചതു്.

## ഇ. എം. എസ്




ഇ. എം. എസ്

അനന്തമായ കാലം. അതങ്ങനെ പ്രവഹിക്കുമ്പോൾ അതിന്റെ ഒരു നിമിഷം അർക്കകാന്തി പ്രസരിപ്പിക്കും. കാലം ഒഴുകിപ്പോയാലും ആ ശോഭാവിശേഷം ദിശാചക്രത്തെ തിളക്കിക്കൊണ്ടിരിക്കും. അമ്മട്ടിലുള്ള ദിവാകരദീപ്തിയാണ് ഇ. എം. എസ്. അദ്ദേഹത്തിന്റെ പ്രത്യക്ഷ ശരീരം ഇന്നില്ല. എങ്കിലും ആ മഹാതേജസ്സ് ജനതയ്ക്ക് മാർഗ്ഗം കാണിച്ചുകൊടുക്കുന്നു.

ഇസ്രയേൽ രാഷ്ട്രത്തിന്റെ ജീർണ്ണതയെയും അപക്ഷയത്തെയും ധീരതയോടെ എടുത്തുകാണിക്കുന്ന മഹാനായ സാഹിത്യകാരനാണ് ഏമസ് ഓസ്സ്

ഇ. എം. എസ്. ന്റെ രാഷ്ട്രസേവനം ജനതയ്ക്ക് ധൈഷണികമായ ഉത്തേജനം നൽകി. ചരിത്രസങ്കല്പത്തിന് നൂതന മാനം കൊടുത്തു. പ്രവർത്തനങ്ങൾ മസ്തിഷ്കം കൊണ്ടായാലും കൈകൊണ്ടായാലും മഹനീയങ്ങളാണ് എന്ന് അദ്ദേഹം സ്വന്തം ജീവിതം കൊണ്ട് തെളിയിച്ചു. അധികാരമല്ല, മനുഷ്യത്വമാണ് ഉത്കൃഷ്ടമെന്ന് ഈ മഹാവ്യക്തി വ്യക്തമാക്കിത്തന്നു. പ്രാർത്ഥിക്കുന്ന ചുണ്ടുകളേക്കാൾ പാവനങ്ങളാണ് പാവങ്ങളുടെ കണ്ണീരുതുടയ്ക്കുന്ന കരങ്ങളെന്ന് നമ്മളെ ഉദ്ബോധിപ്പിച്ച ഈ മഹാവ്യക്തിയുടെ തിരോധാനത്തിൽ ഞാനും വായനക്കാരോടൊപ്പം ദുഃഖിക്കുന്നു.

## ഇസ്രായേലും ഇന്ത്യയും



ഏമസ് ഓസ്സ്

ഐന്ദ്രജാലിക ശക്തിയുള്ള ഇസ്രായേൽ നോവലിസ്റ്റ് ഏമസ് ഓസ്സിന്റെ (Amos Oz, born. 1939) മനോജ്ഞമായ ഒരു ചെറുകഥയുണ്ട്. “Setting the Worlds to Rights” എന്ന പേരിൽ. സർവ്വവിദ്വേഷിയായി. ഇരുട്ട് സഞ്ചയിച്ച് ഏകാന്തജീവിതം നയിച്ച ഒരാളിന്റെ കഥയാണത്. അയാൾ വിവാഹം കഴിച്ചു. പക്ഷേ ഏതാനും മാസങ്ങൾ കഴിഞ്ഞ് അവർ പിരിഞ്ഞു. അവൾ വീണ്ടും കല്യാണം കഴിക്കാത്തതുകൊണ്ട് അയാൾ അവളുടെ ശരീരം യാചിച്ചുകൊണ്ട് പിന്നെയും പിന്നെയും ചെല്ലുമായിരുന്നു. വേഗമാകട്ടെ എന്നു പറഞ്ഞ് അവൾ ചിലപ്പോൾ അതിനു സമ്മതിക്കും. പതിവുപോലെ അയാൾ അവളുടെ അടുത്തെത്തി ശരീരത്തിനുവേണ്ടി യാചിച്ചു. അവൾ അത്തവണ സമ്മതിച്ചില്ല. തെല്ലുനേരം അയാൾ യാചന നടത്തിയെങ്കിലും ഫലപ്പെട്ടില്ല. തെരുവിന്റെ അറ്റത്തുനിന്ന് ഒരു വേശ്യയെ കൂട്ടിക്കൊണ്ട് അയാൾ മോശപ്പെട്ട ഹോട്ടലിലേക്കു പോയി. നേരം വെളുക്കുന്നതുവരെ അവളോട് ഒരു മിച്ചുകഴിഞ്ഞെങ്കിലും അയാൾ അവളെയും തന്നെയും വല്ലാതെ വെറുത്തു. രാത്രിയായപ്പോൾ അയാൾ ഒരു ഉദ്യാനത്തിൽ ചെന്ന് അവിടെയുള്ള മരത്തിൽ തൂങ്ങി മരിച്ചു. ലോകം നന്നാക്കാൻ ശ്രമിക്കുന്നവനും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ലല്ലോ. അതുകൊണ്ട് അയാളുടെ മൃതദേഹം കുഴിച്ചുമൂടിയതിനെക്കുറിച്ച് വിശേഷിച്ചൊന്നും പറയാനില്ല. അയാൾ ശാന്തനായി വിശ്രമിക്കട്ടെ.

ഇസ്രായേൽ രാഷ്ട്രത്തിന്റെ ജീർണ്ണതയേയും അപക്ഷയത്തെയും ധീരതയോടെ എടുത്തു കാണിക്കുന്ന മഹാനായ സാഹിത്യകാരനാണ് ഏമസ്സ് ഓസ് (ആസ്സ് എന്നും ഉച്ചാരണമുണ്ട്). ഈ രചനയിലെ കഥാപാത്രം തന്നെ ആ രാജ്യത്തിന്റെ ഭ്രംശത്തിന് പ്രതിനിധീഭവിക്കുന്നു. കഥയെക്കുറിച്ച് പ്രിയപ്പെട്ട വായനക്കാരോട് പറയാനല്ല എന്റെ കൗതുകം. സ്വന്തം രാജ്യത്തിന്റെ ദുരവസ്ഥയെസ്സംബന്ധിച്ച് ചില വാക്യങ്ങൾ അതിലുണ്ട്. അവയിലേക്ക് വായനക്കാരെ കൊണ്ടുചെല്ലാനാണ് എനിക്ക് താല്പര്യമുള്ളത്. എന്റെ ദുർബലമായ ഭാഷാന്തരീകരണത്തിലൂടെ ഇംഗ്ലീഷ് വാക്യങ്ങളുടെ ശക്തി അവർക്ക് അറിയാൻ കഴിഞ്ഞെങ്കിൽ!

“യുദ്ധസംബന്ധിയായ പരാജയം കൊണ്ടോ സാമ്പത്തികമായ തകർച്ച കൊണ്ടോ അല്ല ആളുകൾ നശിച്ച് പോകുന്നത്. അവർക്ക് ഇതറിഞ്ഞുകൂടാ. നേതാക്കന്മാരെന്ന് സ്വയം കരുതുന്നവർക്കും ഇതറിയാൻ പാടില്ല. ജനങ്ങൾ ജീർണ്ണതയിൽ വീഴുമ്പോൾ മാത്രമേ ശത്രു എത്തുകയുള്ളൂ. വാതിലിലൂടെ അകത്തേക്ക് കടക്കു… തെളിഞ്ഞ ആകാശത്ത് നിന്ന് കൊള്ളിയാനെന്നപോലെ അപത്ത് ആഞ്ഞടിക്കും… രാജ്യത്തെ നശിപ്പിക്കുന്നത് യുദ്ധമല്ല: അഴിമതിയാണ്. അതിന്റെ പൂതുഗന്ധം കനമാർന്ന് അന്തരീക്ഷത്തിൽ വ്യാപിച്ചിരിക്കുന്നു”.

വേറൊരിടത്ത്: “ഭ്രാന്തുപിടിച്ച ഈ രാജ്യം അതറിയാതെ സ്വന്തം മാംസം കൊണ്ട് വയറു നിറയ്ക്കുകയാണ്. ഈ രൂപം ഇപ്പോഴും വളരുന്നു, വ്യാപിക്കുന്നു. പ്രത്യക്ഷമായി സ്ഥാപനങ്ങൾ കൂട്ടിച്ചേർക്കപ്പെടുന്നുണ്ട്. പുതിയ റോഡുകൾ നിർമ്മിക്കപ്പെടുന്നുണ്ട്. പക്ഷേ ശവത്തിന്റെ മുടിയും നഖങ്ങളും അത് അഴുകുന്നതുവരെ വളർന്നു കൊണ്ടിരിക്കുമെന്ന് ഏതു ജീവശാസ്ത്രജ്ഞനും സമ്മതിക്കും. അഴിമതിയിൽ നിന്ന് അഴിമതിയിലേക്ക് ചെന്ന് ഈ ഘടനയാകെ നാശോന്മുഖമാകുന്നു. വേശ്യ മരിക്കുന്നതു വരെ കാൻസർ അവളെ കാർന്നു തിന്നും” ഏമസ് ഓസ്സ് സ്വന്തം രാജ്യത്തെയാണ് വേശ്യയെന്നു വിളിക്കുന്നത്. ജന്മദേശത്തിന്റെ ദയനീയാവസ്ഥയിൽ മനം നൊന്ത് പരിദേവനം ചെയ്യുകയാണ് അദ്ദേഹം. പക്ഷേ ഓസ്സ് പറയുന്നതു ഇൻഡ്യാക്കാരായ ഞങ്ങൾക്കും ചേരുമെന്ന് അദ്ദേഹം അറിയുന്നുണ്ടോ എന്തോ?

### ചോദ്യം, ഉത്തരം

**ചോദ്യം:** ഞാൻ നിങ്ങളെ ആദ്യമായി കണ്ടാൽ എന്റെ വിചാരം എന്തായിരിക്കും?

**ഉത്തരം:** നിങ്ങളുടെ വിചാരമെന്തായിരിക്കുമെന്ന് എനിക്കറിഞ്ഞു കൂടാ. പക്ഷേ നിങ്ങളെയാണ് ഞാൻ ആദ്യമായി കാണുന്നതെങ്കിൽ ‘ഇതാ ഒരു തസ്കരൻ’ എന്നു വിചാരിക്കും.

**ചോദ്യം:** കീർത്തികേട്ട സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ നമുക്കു ഒന്നും വിശേഷിച്ചു തോന്നാത്തത് എന്തുകൊണ്ട്?

**ഉത്തരം:** അതങ്ങനെയാണ്. കന്യാകുമാരിയും കോവളവും ആദ്യമായി കണ്ടപ്പോൾ നരച്ച സ്ഥലങ്ങളായിട്ടേ എനിക്കു തോന്നിയുള്ളൂ. ചില നോവലിസ്റ്റുകൾക്കും കവികൾക്കുമുള്ള കീർത്തി അവരുടെ ഗ്രന്ഥങ്ങൾക്കില്ലാത്തതുപോലെയാണിത്.

**ചോദ്യം:** സാഹിത്യവാരഫലത്തിൽ ക്രിട്ടിസിസമൊന്നുമില്ലല്ലോ?

**ഉത്തരം:** താങ്കൾ തെങ്ങിൽ കയറുന്നതു് പുല്ല് പറിക്കാനാണോ?

**ചോദ്യം:** കൊതുക കടിക്കാതിരിക്കാൻ എന്തു ചെയ്യണം?

**ഉത്തരം:** വിവാഹം കഴിക്കൂ. മധുവിധുകാലമത്രയും കൊതുക കടിച്ചാലും നിങ്ങളതു അറിയുകയില്ല.

**ചോദ്യം:** നിങ്ങളുടെ കോളം പോലെ രസകരമായി വേറെ കോളമുണ്ടോ മലയാളത്തിൽ?

**ഉത്തരം:** സ്തുതിച്ചതിനു നന്ദി. ദീപിക ദിനപത്രത്തിന്റെ വാരാന്ത്യപ്പതിപ്പിൽ ശ്രീ. എം. വി. ബെന്നി എഴുതുന്ന അവലോകനങ്ങൾ നന്ന്. സാഹിത്യവാരഫലക്കാരനു നർമ്മബോധമില്ല. ബെന്നിക്ക് അത് ഏറെയുണ്ട്.

**ചോദ്യം:** ഹിറ്റ്ലറും ഈശ്വരനും ഒരുപോലെ. ശരിയല്ലേ?

**ഉത്തരം:** ശരി. ഹിറ്റ്ലർ നിരപരാധരായ ജൂതന്മാരെ ലക്ഷക്കണക്കിനു കൊന്നു. ഈശ്വരൻ അപരാധം ചെയ്യാത്തവരെ ഭൂകമ്പത്തിലൂടെ കൊന്നുകൊണ്ടിരിക്കുന്നു. രണ്ടുപേരും സദൃശർ.

**ചോദ്യം:** എനിക്കു ധാരാളം വായിക്കണമെന്നുണ്ട്. കുറച്ചുകാലത്തേക്ക് നിങ്ങളുടെ ലൈബ്രറിയിൽ എനിക്കു താമസിക്കാൻ സൗകര്യം തരുമോ?

**ഉത്തരം:** ജീവിതാസ്തമയമായതുകൊണ്ട് ഞാൻ പുസ്തകങ്ങളെല്ലാം മക്കൾക്ക് വീതിച്ചുകൊടുത്തു. ഒന്നു രണ്ടു നിഘണ്ടുക്കളും വിശ്വവിജ്ഞാനകോശത്തിന്റെ ഒരു വാല്യവും മാത്രമേ എന്റെ വീട്ടിലുള്ളൂ. പുസ്തകങ്ങൾ വീട്ടിലുണ്ടെങ്കിൽത്തന്നെയും നിങ്ങൾക്കു പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല. ദേവേന്ദ്രനു നപുംസകത്വമുണ്ടെങ്കിൽ അയാളുടെ ചുറ്റും ഉർവ്വശിയും രംഭയും മേനകയും തിലോത്തമയും മറ്റും വന്നു നിന്നാൽ എന്തു പ്രയോജനം?

**ചോദ്യം:** ക്ലിന്റന്റെ രഹസ്യജീവിതത്തിൽ ആളുകൾ ഇത്ര ക്ഷോഭിക്കുന്നതെന്തിന്? അദ്ദേഹത്തിന്റെ സ്ത്രീജിതത്വം ഭരണകാര്യങ്ങളെ ബാധിക്കില്ലല്ലോ.


**ഉത്തരം:** ക്ലിന്റൺ തെറ്റുകാരനാണോ എന്ന് എനിക്കറിയില്ല. പക്ഷേ ഒരു വലിയ രാജ്യത്തിന്റെ അധികാരി ഇത്തരത്തിൽ പ്രവർത്തിച്ചാൽ അദ്ദേഹത്തിന്റെ വിശ്വാസ്യത നഷ്ടമാകും. ഓഫീസിലെ കാര്യക്ഷമത തകരും. അതു തകർന്നാൽ രാജ്യത്തിന്റെ ഡിസിപ്ലിൻ തകരും. അതോടെ രാജ്യം നശിക്കും.

## തങ്കമോതിരമോ ശ്രീചക്രമോ

ഞാനൊരു പഴയ മനുഷ്യനാണ്. ഇനിയുള്ള ഹ്രസ്വകാലമത്രയും ആ രീതിയിൽത്തന്നെ കഴിഞ്ഞു പോകണമെന്നാണ് എന്റെ ആഗ്രഹം. പഴഞ്ചനായതുകൊണ്ട് ഭവനനിർമ്മാണത്തിന്റെ നൂതനത്വത്തിലോ വീട്ടിനകത്തെ ഉപകരണങ്ങളുടെ വ്യാമിശ്രതയിലോ എനിക്കു അഭിരമിക്കാൻ വയ്യ. ‘മലയാളനാട്’ വാരികയുടെ പത്രാധിപരായിരുന്ന എസ്. കെ. നായരുടെ കൊല്ലത്തുള്ള വീട്ടിൽ ഞാൻ ഒരു ദിവസം പോയി. കാപ്പികുടി കഴിഞ്ഞ് കൈ കഴുകാനായി ബാത്റൂമിലേക്കു ചെന്നപ്പോൾ വാഷ്ബേസിന്റെ മുകളിലായി ചില ഉപകരണങ്ങൾ വെട്ടിത്തിളങ്ങുന്നതു കണ്ടു. ഒന്നിന്റെ പിടി തിരിച്ചുനോക്കി. വെള്ളം ഒഴുകുന്നില്ല. വേറൊന്നു നോക്കി. അതും ഫലമില്ല. വല്ലതും പിടിച്ചുതിരിച്ച് ജലപ്രവാഹമുണ്ടായാലോ? ഞാനും എസ്. കെയുടെ വീടും മുങ്ങിപ്പോകുമല്ലോ. അതുകൊണ്ട് ‘എച്ചിൽക്കൈ’ ഉയർത്തിക്കൊണ്ടു ഞാൻ എസ്. കെ. നായരുടെ അടുത്തെത്തി അപേക്ഷിച്ചു ലജ്ജയോടെ. “റ്റാപ് തുറക്കാനറിഞ്ഞുകൂടാ”. മാന്യനായ അദ്ദേഹം ചിരിയും പുച്ഛവുമടക്കിക്കൊണ്ട് എന്റെ കൂടെ വന്ന് റ്റാപ് തുറന്നു തന്നു. കൈ കഴുകിത്തീരുന്നതുവരെ എസ്. കെ അവിടെ നിന്നതുകൊണ്ട് ‘ഇതടയ്ക്കുന്നതെങ്ങനെ?’ എന്നു ചോദിക്കേണ്ടി വന്നില്ല എനിക്ക്. അദ്ദേഹം തന്നെ റ്റാപ് അടച്ചു.

രചയിതാവിന്റെ ഉള്ളിൽ ഒരു സംഭവത്തെക്കുറിച്ചുണ്ടായ സത്യപ്രതീതി ബഹിഃപ്രകാശനം കൊള്ളുമ്പോൾ സത്യാത്മക പ്രതീതിയായിബ്ഭവിക്കുന്നു.

‘മലയാളം’ വാരികയുടെ പ്രമുക്തി നടന്ന ദിവസം. ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിന്റെ അധികാരികൾ ഒരു നക്ഷത്രഹോട്ടലിലെ മനോഹരമായ മുറിയാണ് എന്റെ താമസത്തിനു ഏർപ്പാടു ചെയ്തത്. അങ്ങനെ അതിനകത്തിരിക്കുമ്പോൾ റോഡിലേക്കു പോകാൻ കൗതുകം. മുറി പൂട്ടേണ്ടതില്ലെന്നു കരുതി ഞാൻ താക്കോൽ മുറിക്കുള്ളിൽ വച്ചിട്ടു കതക വലിച്ചടച്ച് റോഡിലേക്കു ചെന്നു. തിരിച്ച് വന്ന് കതക തുറക്കാൻ ശ്രമിച്ചപ്പോൾ അതു തുറക്കുന്നില്ല. ഹോട്ടലിലെ ഒരു ജോലിക്കാരൻ അതിലേ പോയപ്പോൾ വാതിൽ തുറക്കാൻ വയ്യല്ലോ എന്നു ഞാൻ അയാളോടു പറഞ്ഞു. ആ യുവാവ് മറുപടി നൽകി: “വെളിയിൽ നിന്ന് അടച്ചാൽ ഓട്ടോമാറ്റിക്കായി പൂട്ടിപ്പോകുന്നതാണ് ഇവിടത്തെ വാതിലുകൾ. താക്കോലെവിടെ?” താക്കോലിന്റെ ഡ്യൂപ്ലികെയ്റ്റ് ഹോട്ടലധികാരിയിൽ നിന്ന് കണ്ടുപിടിച്ചെടുത്തു മുറി തുറക്കാൻ രണ്ടു മണിക്കൂർ കാത്തു നിൽക്കേണ്ടതായി വന്നു എനിക്ക്.



ബഷീർ

അടുത്ത കാലത്ത് ഒരു സമ്പന്നന്റെ വീട്ടിൽ ഞാൻ പോയി. ഞാനിന്നുവരെ കണ്ടിട്ടില്ലാത്ത ജംഗമസ്സാമാനങ്ങളവിടെയേറെ. വിശേഷപ്പെട്ട ഒരു ഉപകരണം. അതിലിരിക്കാമോ എന്നെനിക്കറിഞ്ഞുകൂടായിരുന്നു. അതുകൊണ്ട് അറച്ചറച്ച് ഞാൻ ഗൃഹനായകനോടു ചോദിച്ചു ‘ഇത് ഇരിക്കാനുള്ളതാണോ?’ അദ്ദേഹം പുച്ഛം മറച്ച് ‘അതേയതേ ഇരുന്നാട്ടെ’ എന്നു മറുപടി പറഞ്ഞു. ഇതൊക്കെക്കൊണ്ടാണ് ഞാനാദ്യമേ പറഞ്ഞത് ‘ഞാൻ പഴയ മനുഷ്യനാ’ണെന്ന്. മുതലാളിത്തത്തിന്റെ കൃത്രിമപ്പകിട്ട് എനിക്ക് അംഗീകരിക്കാനാവില്ല. ശരീരഭാഗം വേദനിപ്പിക്കുന്ന മരക്കസേരയിൽ ഇരിക്കാനാണ് എനിക്കു കൊതി; പട്ടുമെത്തയിട്ട സെറ്റിയിലിരിക്കാനല്ല.

സാഹിത്യത്തിലും എന്റെ വീക്ഷണഗതി ഇതത്രേ. വള്ളത്തോളിന്റെ ‘മഗ്ദലനമറിയം’ വായിക്കുമ്പോൾ കൊച്ചുവള്ളത്തിലിരുന്ന് നിലാവിൽ മുങ്ങിയ തടാകത്തിലൂടെ മെല്ലെ നീങ്ങുന്ന പ്രതീതി. കുമാരനാശാന്റെ പ്രൗഢതയാർന്ന ‘കരുണ’യിലൂടെ സഞ്ചരിക്കുമ്പോൾ മസ്തിഷ്കത്തോടു ബന്ധപ്പെട്ട ആഹ്ലാദത്തിൽ വീണു ഞാൻ വിസ്മയിക്കുന്നു. പക്ഷേ വിസ്മയമില്ലാതെ ചന്ദ്രികാചർച്ചിതമായ രാത്രിയിൽ കൊതുമ്പുവള്ളത്തിലിരുന്നു തുഴയുവാനാണ് എനിക്ക് താല്പര്യം. സിദ്ധികളുള്ള അയ്യപ്പപ്പണിക്കരുടെ കാവ്യങ്ങൾ വായിക്കുന്നതിനേക്കാൾ എനിക്കിഷ്ടം ചങ്ങമ്പുഴയുടെയും ഇടപ്പള്ളി രാഘവൻപിള്ളയുടെയും കവിതാ സ്രോതസ്വിനിയിൽ ആമജ്ജനം ചെയ്യാനാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ ‘തങ്കമോതിരം’ എന്ന കഥ ഉപരിതലസ്പർശി മാത്രമായിരിക്കാം. പക്ഷേ ശ്രീ. കാക്കനാടന്റെ ‘ശ്രീചക്രം’ വായിക്കുന്നതിനെക്കാൾ നല്ലതു ‘തങ്കമോതിരം’ വായിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.




ഇരുപതാം ശതാബ്ദത്തിന്റെ ആദ്യകാലയളവിൽ സാഹിത്യ രചനയിൽ ഉണ്ടായ ഈ ഇച്ഛാശക്തി പ്രകടനം വികസിതാവസ്ഥയിലെത്തിയിരിക്കുന്നു ഇപ്പോൾ. അതുകൊണ്ട് മോപാസാങ്ങിന്റെ ഹൃദയംഗമങ്ങളായ ചെറുകഥകൾ ഇന്നാരും എഴുതുന്നില്ല.റ്റോമസ് മാനിന്റെ ‘ഡെത്ത് ഇൻ വെനീസ്’ എന്ന ധിഷണാപരമായ ചെറുകഥയിലാണ് ആളുകൾക്കു തല്പരത്വം. (ഹെൻട്രി മില്ലർ മാനിനെ (fabricator) കപട രചയിതാവ്—എന്നു വിളിച്ചതു ഓർക്കുക) ബാതൽമീയുടെ (Donald Barthelme 1931–1989) മസ്തിഷ്ക സംബന്ധകങ്ങളായ കഥകളെക്കാൾ എനിക്കഭിമതങ്ങൾ ഹൃദയത്തിൽ നിന്നുവരുന്ന ചെക്കോവിന്റെ കഥകളാണ്. ‘The Master and Margarita’ എന്ന വിശ്വവിഖ്യാതമായ നോവലെഴുതിയ ബുൾകഹിന്റെ (BulgaKov 1891–1940) ‘The Heart of a Dog’ എന്ന മസ്തിഷ്ക സംബന്ധിയായ കഥയെക്കാൾ എനിക്കാദരിക്കാൻ കഴിയുന്നതു് വിക്ടോറിയ തൊക്കറേഫയുടെ കലാമൂല്യം കൂടിയ കഥകളാണ്. (പ്രിയപ്പെട്ട വായനക്കാർ ഇവരുടെ കഥകൾ വായിക്കണം. ഓരോ കഥയും അതിസുന്ദരമാണ്).



വിക്ടോറിയ തൊക്കറേഫ

രചയിതാവിന്റെ ഉള്ളിൽ ഒരു സംഭവത്തെക്കുറിച്ചുണ്ടായ സത്യപ്രതീതി ബഹിഃപ്രകാശനം കൊള്ളുമ്പോൾ സത്യാത്മക പ്രതീതിയായിഭവിക്കുന്നു. അതിനെ ഉചിതങ്ങളായ പദങ്ങളിലൂടെ, ബിംബങ്ങളിലൂടെ രൂപവത്കരിക്കുമ്പോൾ നൈസർഗ്ഗികത എന്ന ഗുണം വരുന്നു. ഈ നൈസർഗ്ഗികതയല്ല ശ്രീ. പി. കെ. ശ്രീനിവാസന്റെ ‘ഒളിച്ചുകളിയുടെ ഗുണപാഠങ്ങൾ’ എന്ന ചെറുകഥയ്ക്ക് (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 4) ഒരു സ്ത്രീയുടെയും പുരുഷന്റെയും പ്രച്ഛന്നമായ രതിഭാവത്തെ ആഖ്യാനവൈഭവത്തോടെ ആവിഷ്കരിക്കുന്ന ഇക്കഥയ്ക്കു വായനക്കാരിൽ നിന്ന് വേർപെട്ടു നില്ക്കുന്ന ഉന്നതസത്യത്തിന്റെ പ്രകാശമില്ല. മറഞ്ഞ സെക്സിന്റെ പ്രതിപാദനമുളവാക്കുന്ന ക്ഷോഭമേയുള്ളൂ. ഇതു് ഇപ്പോഴത്തെ സാഹിത്യത്തിന്റെ സാമാന്യ സ്വഭാവമാണെന്നു ഞാൻ സമ്മതിക്കുന്നു. ആ സ്വഭാവം നല്ലതല്ലെന്ന പക്ഷക്കാരനാണു ഞാൻ.

## വിചാരങ്ങൾ



‘യൂലിസ്’ എന്ന നോവലെഴുതിയ ജെയിംസ് ജോയ്സ് ഇന്നത്തെ ഹോമറാണെന്നാണ് അഭിജ്ഞമതം. അതുകൊണ്ട് ആ നോവലിനെക്കുറിച്ചോ നോവലിസ്റ്റിനെക്കുറിച്ചോ ഞാനൊന്നും എഴുതേണ്ടതില്ല. ഒരു യുഗം സൃഷ്ടിച്ച ആ നോവലിനെയും അതിന്റെ രചയിതാവിനെയും കുറിച്ച് വി. എസ്. നയ്പോൾ എന്ന നോവലിസ്റ്റ് പറഞ്ഞതു് മാർച്ച് 23-ലെ ഔട്ട്ലുക്ക് വാരിക റിപ്പോർട്ട് ചെയ്യുന്നുണ്ട്. “What’s there in Joyce for me? A blind man living in Trieste. And talking about Dublin. There’s nothing in it for me, it’s not universal. And a man of so little, so little imagination, able to record the life about him, in such a petty way, but depending on an ancient narrative. No, no, no.” ഈ പ്രസ്താവത്തിലെ ഓരോ വാക്യത്തിലും പ്രകടമാകുന്നതു് അന്തസ്സാര ശൂന്യതയാണ്. വിവേകമില്ലായ്മയാണ്. മീഡിയോക്കർ (ഇടത്തരക്കാരൻ) നോവലിസ്റ്റും മീഡിയോക്കർ ചിന്തകനുമായ നയ്പോൾ ഒരുത്തുംഗ പ്രതിഭാശാലിയെ നോക്കി കൊഞ്ഞനം കാണിക്കുകയാണിവിടെ. ശക്തൻ റോഡിലൂടെ നടന്നുപോകുമ്പോൾ മുടന്തുള്ളവൻ മുടന്തി മുടന്തിച്ചെന്ന് ആ ശക്തന്റെ പൃഷ്ഠത്തിൽ ഒന്നു തോണ്ടും. അയാൾ തിരിഞ്ഞു നോക്കുമ്പോൾ മൊണ്ടി ഓടിക്കളയും. ശക്തൻ ചിരിക്കുകയേയുള്ളൂ. ജോയ്സ് ഇന്നില്ല. അദ്ദേഹം ശവകുടീരത്തിനകത്തു കിടന്നുകൊണ്ടു പൊട്ടിച്ചിരിക്കുന്നതു ഞാൻ കേൾക്കുന്നു.

2. വലിഞ്ഞുമുറുകി പൊട്ടാൻ കാത്തുനില്ക്കുന്ന ഞരമ്പുകൾ പോലെയാണ് വർത്തമാനകാല സംസ്കൃതിയിൽ ദാമ്പത്യം. പെണ്ണിന്റെ കവിളത്തുകൂടെ ചാലുകീറുന്നതു് കണ്ണുനീരല്ല. ഹൃദയരക്തമാണ്. ജീവസ്പന്ദമില്ലാത്ത സ്നേഹമാണ് കിട്ടാൻ പോകുന്നതെങ്കിൽ സ്ത്രീധനത്തോടൊപ്പം വിവാഹത്തെയും അവൾ ത്യജിക്കണം. അവൾക്കു മുമ്പിൽ അപ്പോഴും വിശാലതയുടെ ലോകം ഉണ്ട്.



ദോലോറാസ്

“പെൺകുട്ടികൾക്കു വേണ്ടതു് സ്നേഹത്തിന്റെ ശാശ്വതമൂല്യങ്ങൾ തേടുന്ന ഒരു പുരുഷനെയാണ്. ഹിമത്തിന്റെ ഗുണം തേടുന്ന അധമനെ അല്ല”. ശ്രീമതി കെ. പി. സുധീര മലയാളം വാരികയിൽ (ലക്കം 45) എഴുതിയ ‘ദ്രവ്യമോഹങ്ങളുടെ ഉൾപ്പൊരുൾ’ എന്ന ലേഖനത്തിലുള്ളതാണ് ശക്തിയാർന്ന ഈ വാക്യങ്ങൾ. ഇതിൽ ദാമ്പത്യജീവിതമെന്ന ശാശ്വതവിപത്തിൽപ്പെട്ടു ഉഴലുന്ന സ്ത്രീയുടെ നേർക്കുള്ള കാരുണ്യമുണ്ട്. അവളെ കഷ്ടപ്പെടുത്തുന്ന ഭർത്താവ് എന്ന നരാധമനോടും അയാൾക്ക് അവലംബമരുളുന്ന വ്യവസ്ഥിതിയോടുമുള്ള പ്രതിഷേധമുണ്ട്. സ്പാനിഷ്/റഷ്യൻ കമ്മ്യൂണിസ്റ്റ് ദോലോറാസ് ഇബാറൂറി (Dolores Ibarruri, 1895–1989) It is better to die on your feet than to live on your knee, മുട്ടുകുത്തി ജീവിക്കുന്നതിനേക്കാൾ നിവർന്നുനിന്ന് മരിക്കുന്നതാണ് നല്ലത്—എന്നു പറഞ്ഞു. ദാമ്പത്യ ദുഃഖം അനുഭവിക്കുന്ന സ്ത്രീകൾ ഇബാറൂറിയുടെ വാക്കുകൾക്കു യോജിച്ച വിധത്തിൽ ജീവിക്കണം.



ജെയിംസ് ജോയ്സ്

3. “നിങ്ങളുടെ വാച്ചിൽ ഓരോ മിനിറ്റ് കഴിയുമ്പോഴും ലോകത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തു ഒരു കൊലപാതകം നടന്നിരിക്കും. ന്യൂയോർക്കിൽ ഒരു ദിവസത്തിൽ ഒരു കൊലപാതകം. പാരീസിൽ ദിവസം രണ്ടു കൊലപാതകങ്ങൾ. ലണ്ടൻ നിയമത്തെ അനുസരിക്കുന്നുണ്ട്. പതിനഞ്ചു ദിവസത്തിലൊരിക്കൽ മാത്രമേ അവിടെ കൊലപാതകം നടക്കുന്നുള്ളൂ. ഉഷ്ണമേഖലയിൽപെട്ട രാജ്യങ്ങളിൽ കൊലപാതകത്തിന്റെ നിരക്കു വളരെ ഉയർന്നതാണ്. മക്സിക്കോയിൽ രോഗങ്ങൾ കൊണ്ടുള്ള മരണങ്ങളെക്കാൾ കൂടുതലാണ് കൊലപാതകങ്ങൾ” 1960-ൽ കോളിൻ വിൽസൺ എഴുതിയതാണിതു്. മുപ്പത്തിയെട്ടു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു ഇപ്പോൾ. കൊലപാതകങ്ങൾ സങ്കല്പാതീതമായ വിധത്തിൽ പെരുകിയിരിക്കുന്നു താനും. അതിൽ സെൻസിറ്റീവ് ആർടിസ്റ്റ് പ്രതികരിക്കാതിരുന്നില്ല. ആ പ്രതികരണമാണ് ശ്രീ. ടി. എൻ. പ്രകാശിന്റെ ‘ഇല്ല ആരും പിറകിലില്ല’ എന്ന കഥയിൽ ഉള്ളത് (മലയാളം വാരിക) രാഷ്ട്ര വ്യവഹാരത്തോടു ബന്ധപ്പെട്ട ഒരു വധത്തിനു ശേഷം മരിച്ചവന്റെ സുഹൃത്തിനെ പിന്തുടരുന്ന കൊലപാതകികൾ. ആ സുഹൃത്തിന്റെ ഭയത്തെയും പ്രകമ്പനത്തെയും കഥാകാരൻ വിശ്വാസജനകമായി ആവിഷ്കരിച്ചിരിക്കുന്നു.



കോളിൻ വിൽസൺ

4. ദില്ലിയിൽ നിന്നു ശ്രീ. അകവൂർ നാരായണൻ കുങ്കുമം വാരികയുടെ എഡിറ്റർക്ക് എഴുതുന്നു: “എൻ. വി. കൃഷ്ണവാരിയരെപ്പറ്റി രാമവാരിയർ എഴുതുന്ന അനുസ്മരണക്കുറിപ്പുകൾ വളരെ രസകരവും വിജ്ഞാനപ്രദവും ചിലർക്കു അപകീർത്തികരവുമാകുന്നുണ്ട്” എന്ന വാക്യം മാറ്റിയെഴുതിയാൽ വളരെ ശരി. വളരെ വളരെ ശരി. മാന്യ സുഹൃത്തു അകവൂർ തുടരുന്നു: “അമാനുഷപ്രതിഭ എന്നും അലൗകികധിഷണ എന്നും അന്യാദൃശമനീഷ എന്നും മറ്റും പറയുന്നതിന് പ്രത്യക്ഷോദാഹരണമായിരുന്ന എൻ. വി. യുടെ പൊതുമുഖം എല്ലവർക്കുമറിയാം”. കുട്ടികൃഷ്ണമാരാരുടെ ഒരു പ്രയോഗം കടമെടുക്കട്ടെ. ബ്രഹ്മാണ്ഡ കടാഹത്തിന്റെ മേൽത്തട്ടിൽ ചെന്നിടിച്ചിട്ട് അവിടെ നിന്നും ഉയർന്നു പോകുന്ന അത്യുക്തിയാണിതു്. വാൽമീകി, ഹോമർ, ഷേക്സ്പിയർ ഇവരെക്കുറിച്ച് പറയുമ്പോഴും അലൗകിക ധിഷണ, അമാനുഷിക പ്രതിഭ, അന്യാദൃശമനീഷ എന്നൊക്കെ പ്രയോഗിക്കാൻ വയ്യ. ‘അപ്പോൾപ്പിന്നെ’ ഈ വിശേഷണങ്ങൾക്ക് എന്തു് ഉചിതജ്ഞതയിരിക്കുന്നു?

> ബുദ്ധിർമ്മനീഷാ ധിഷണാ ധീഃ
> പ്രജ്ഞാ ശേമുഷീ മതിഃ

എന്ന് അമരകോശം. മനീഷയ്ക്കും ധിഷണയ്ക്കും തമ്മിൽ അർത്ഥഭേദമില്ല. “പ്രജ്ഞാ നവനവോന്മേഷ ശാലിനീ പ്രതിഭാമതാ” എന്ന് രുദ്രടൻ. ഇതൊന്നും മനസ്സിലാക്കാതെ അജഗജാന്തര വ്യത്യാസമെന്നും, നാസികാചൂർണ്ണപ്പൊടി എന്നും എഴുതുന്നവരെക്കുറിച്ച് എന്തു പറയാനാണ്!

## നഞ്ചെന്തിനു നാനാഴി



ഷോമാഹാർ

ജർമ്മനിയിൽ ജനിച്ചെങ്കിലും 1937-ൽ ഇംഗ്ലണ്ടിലേക്കുപോന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ ഷൊമാഹർ (Schumacher 1944–1977. പണ്ടൊരു കവി ഉച്ചരിച്ചതുപോലെ ഷൂമേക്കർ എന്നല്ല. ആ ഉച്ചാരണത്തിന് ഒരു ന്യായവും അദ്ദേഹം പറഞ്ഞു. ഷൂമാഹറുടെ അച്ഛൻ ഷൂമേക്കർ—ചെരുപ്പുകുത്തി—ആയിരുന്നുപോലും) ‘Small is Beautiful’ എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ്. ലഘൂകരിച്ച സാമ്പത്തിക വളർച്ചയേ പാടുള്ളൂ. പക്ഷേ അടിസ്ഥാനപരങ്ങളായ ആവശ്യതകൾ നിർവ്വഹിക്കപ്പെടുകയും വേണം. ഇതാണ് ഷൂമാഹറുടെ നിർദ്ദേശം. ഇതാണ് ‘ചെറുതു് സുന്ദരം’ എന്ന സങ്കല്പത്തിന്റെ അർത്ഥം. സാമ്പത്തിക ശാസ്ത്രത്തിന് മാത്രമല്ല കവിതയ്ക്കും കഥയ്ക്കും ഇതു ചേരും. ദേശാഭിമാനി വാരികയിലെ കഥകളെല്ലാം ഹ്രസ്വങ്ങളായേ ഞാൻ കണ്ടിട്ടുള്ളൂ. അതുകൊണ്ട് ഞാനവ വായിക്കുകയും ചെയ്യും. ശ്രീ. കെ. എസ്. പ്രേമന്റെ ‘ആകാശയാത്രികർ’ എന്ന കഥ വാരികയിൽ കുറച്ചു സ്ഥലം മാത്രം അപഹരിച്ച് വിലസുന്നതു് കണ്ടപ്പോൾ എനിക്ക് ഉത്സാഹമായി. വായിച്ചു. സ്മാളാണെങ്കിലും ബ്യൂട്ടിഫുൾ അല്ലല്ലോ എന്ന് തോന്നുകയും ചെയ്തു. ഒരു പെണ്ണ് ആഭരണക്കടയ്ക്ക് പരസ്യത്തിനു വേണ്ടി ഫോട്ടോയെടുക്കാൻ രാത്രിയിൽ കാറിൽ കയറിപ്പോകുന്നു. ഡ്രൈവറും വേറൊരുത്തനും ചേർന്ന് അവളെ ബലാൽസംഗം ചെയ്യുന്നു. പഴയ നിയമത്തിലെ നോഅ (Noah) മഹാപ്രളയത്തിൽ നിന്നും രക്ഷപ്പെടാൻ യാനപാത്രമുണ്ടാക്കുന്നതിനു മുൻപ് അയാളുടെ അച്ഛൻ ലേമെക് (Lamech) കൈകാര്യം ചെയ്തിരിക്കാനിടയുള്ള ഒരു വിഷയം തികഞ്ഞ കൃത്രിമത്വത്തോടു കൂടി വീണ്ടും പ്രതിപാദിക്കുകയാണ് പ്രേമൻ. വാക്യഝംഝാവാതത്താൽ വികാരപാത്രങ്ങൾ അടിച്ചു പറപ്പിക്കപ്പെടുന്ന ഒരു കലാഭാസമാണിതു്. സ്മാൾ തന്നെ. പക്ഷേ ‘നഞ്ചെന്തിനു നാനാഴി?’

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന്ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിന ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിന ഒരാഴ്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിന ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിന ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ച് വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്ന വിശേഷിപ്പിച്ച അദ്ദേഹം അനബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്ന കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക്ക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിന ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.